REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-11-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- രാജ്യം ഇന്ന് ഭരണഘടനാ ദിനം ആഘോഷിക്കുന്നു. രാഷ്ട്രപതി ദ്രൗപതി മുർമ്മു പാർലമെന്റിന്റെ സംയുക്ത യോഗത്തെ അഭിസംബോധന ചെയ്യും.
- സുപ്രീം കോടതിയിലെ ഭരണഘടനാ ദിനാഘോഷ പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് പങ്കെടുക്കും.
- കേന്ദ്ര ഗവൺമെന്റിന്റെ പ്രധാന സംരംഭമായ അടൽ ഇന്നൊവേഷൻ മിഷന്റെ തുടർച്ചയ്ക്ക് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി.
- ഇന്ന് ദേശീയ ക്ഷീര ദിനം.
- ലോകത്തിന് മാതൃകയാവുന്ന പുനരധിവാസ പ്രക്രിയയായിരിക്കും വയനാട്ടിലെ ചുരൽമലയും മുണ്ടക്കൈയിലും നടപ്പാക്കുകയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- തൃശ്ശൂർ നാട്ടികയിൽ തടിലോറി പാഞ്ഞു കയറി റോഡരികിൽ ഉറങ്ങിക്കിടക്കുകയായിരുന്ന നാടോടിസംഘത്തിലെ അഞ്ച് പേർ മരിച്ചു.

## വാർത്തകൾ വിശദമായി

രാജ്യം ഇന്ന് ഭരണഘടനാ ദിനം ആഘോഷിക്കുന്നു. 1949 നവംബർ 26നാണ് ഭരണഘടനാ അസംബ്ലി ഇന്ത്യയുടെ ഭരണഘടന അംഗീകരിച്ചത്. ഇതിന്റെ 75-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി ഒരു വർഷം നീളുന്ന അനുസ്മര പരിപാടികൾ ഗവൺമെന്റ് സംഘടിപ്പിച്ചിട്ടുണ്ട്.

ന്യൂഡൽഹിയിൽ പഴയ പാർലമെന്റ് ഹൗസിന്റെ സെൻട്രൽ ഹാളിലെ വിപുലമായ ദിനാചരണചടങ്ങിൽ രാവിലെ 11ന് രാഷ്ട്രപതി ദ്രൗപതി മുർമ്മു പാർലമെന്റിന്റെ ഇരു സഭകളിലേയും അംഗങ്ങളെ അഭിസംബോധന ചെയ്യും. ഭരണഘടനയുടെ ആമുഖം രാഷ്ട്രപതി വായിക്കും. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്രമോദി, ലോക് സഭ സ്പീക്കർ ഓം ബിർള, തുടങ്ങിയവരും ചടങ്ങിൽ സംബന്ധിക്കും. കേന്ദ്ര മന്ത്രിമാരും നയതന്ത്ര മേധാവികളും മറ്റ് പ്രമുഖരും പരിപാടിയിൽ പങ്കെടുക്കും. ചടങ്ങിൽ 75-ാം വാർഷിക അനുസ്മരണ സ്റ്റാമ്പും നാണയവും. ഭരണഘടനയെ സംബന്ധിച്ച രണ്ട് ഗ്രന്ഥങ്ങളും പ്രകാശനം ചെയ്യും. സംസ്കൃതം, മൈഥിലി ഭാഷകളിൽ തയ്യാറാക്കിയ ഭരണഘടനയും പുറത്തിറക്കും.

'ഹമാരാ സംവിധാൻ ഹമാരാ സ്വാഭിമാൻ' എന്ന പ്രചാരണത്തിന്റെ ഭാഗമായാണ് ദിനാചാരണ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ഭരണഘടനാ ശില്പികൾക്ക് ആദരം അർപ്പിക്കുന്നതിനോടൊപ്പം അതിലെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും ആഘോഷത്തിലൂടെ ലക്ഷ്യമിടുന്നു.

ഗവൺമെന്റ് ഓഫീസുകളിലും സ്കൂളുകളിലും ലക്ഷക്കണക്കിന് ആളുകൾ ഭരണഘടനയുടെ ആമുഖം ഒന്നിച്ച് വായിക്കും. ഇതിന്റെ വീഡിയോകൾ 'കോൺസ്റ്റിട്യൂഷൻ 75 .COM' എന്ന വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നവർക്ക് സർട്ടിഫിക്കറ്റ് സമ്മാനിക്കും.

✪✪✪

സുപ്രീം കോടതിയിലെ ഭരണഘടനാ ദിനാഘോഷ പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് പങ്കെടുക്കും. ചടങ്ങിനെ അഭിസംബോധന ചെയ്യുന്ന പ്രധാനമന്ത്രി 2023-24 ലെ ഇന്ത്യൻ ജുഡീഷ്യറി വാർഷിക റിപ്പോർട്ടും പ്രകാശനം ചെയ്യും. ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് സഞ്ജീവ് ഖന്ന, നിയമ മന്ത്രി അർജുൻ റാം മെഖ് വാൾ, ജഡ്ജിമാർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും.

✪✪✪

ഭരണഘടനാ ദിനാചരണത്തിന്റെ ഭാഗമായി വൈകിട്ട് കോഴിക്കോട് ബീച്ചിലെ ഫ്രീഡം സ്ക്വയറിൽ വിവിധ പരിപാടികൾ സംഘടപ്പിച്ചിട്ടുണ്ട്.

✪✪✪

കാസർകോട്ട് നെഹ്റു യുവകേന്ദ്രയും പെരിയ ഡോ. അംബേദ്കർ ആർട്സ് ആൻഡ് സയൻസ് കോളേജും ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയും ഭരണഘടനാ ദിനാഘോഷം ഒരുക്കിയിട്ടുണ്ട്.

രാവിലെ കോളേജിൽ ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറി സബ് ജഡ്ജി രുക്മ S. രാജ് ചടങ്ങ് ഉദ്ഘാടനം ചെയ്യും.

✪✪✪

കേന്ദ്ര ഗവൺമെന്റിന്റെ പ്രധാന സംരംഭമായ അടൽ ഇന്നൊവേഷൻ മിഷന്റെ തുടർച്ചയ്ക്ക് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. വികസിത് ഭാരതത്തിലേക്ക് സുപ്രധാന ചുവടുവെപ്പായ അടൽ ഇന്നൊവേഷൻ മിഷൻ 2.0 ഇതിനകം തന്നെ ഇന്ത്യയുടെ ഊർജ്ജസ്വലമായ നവീകരണവും സംരംഭകത്വ ആവാസവ്യവസ്ഥയും വികസിപ്പിക്കാനും ശക്തിപ്പെടുത്താനും ആഴത്തിലാക്കാനും ലക്ഷ്യമിടുന്നു.

..........ഡെസ്ക് റിപ്പോർട്ട്..........

.........വോയ്സ്.........

നിക്ഷേപം വർധിപ്പിച്ചും  ഉൽപ്പാദനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തിയും ഇന്ത്യയുടെ നവീകരണവും സംരംഭകത്വ ആവാസവ്യവസ്ഥയും ശക്തിപ്പെടുത്തുന്ന തിനാണ് അടൽ ഇന്നൊവേഷൻ മിഷൻ 2.0 രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കേന്ദ്ര മന്ത്രിസഭാ യോഗത്തിന് ശേഷം വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

ആദായനികുതി വകുപ്പിന്റെ പാൻ 2.0 പദ്ധതിക്ക് സാമ്പത്തികകാര്യ മന്ത്രിസഭാ സമിതി അനുമതി നൽകി. ഇതിന് ശക്തമായ സൈബർ സുരക്ഷാ സംവിധാനങ്ങളുണ്ടാകുമെന്ന് അശ്വിനി വൈഷ്ണവ് പറഞ്ഞു.  റെയിൽവേ മന്ത്രാലയത്തിന്റെ  7,927 കോടി രൂപയുടെ മൂന്ന് പദ്ധതികൾക്കും സാമ്പത്തിക കാര്യ സമിതി അംഗീകാരം നൽകി.

അരുണാചൽ പ്രദേശിലെ ഷിയോമി ജില്ലയിൽ ഹിയോ ഹൈഡ്രോ ഇലക്ട്രിക് പദ്ധതിക്ക്  1,939 കോടി രൂപയുടെ നിക്ഷേപത്തിനും സാമ്പത്തിക കാര്യ സമിതി അംഗീകാരം നൽകി.

✪✪✪

ഇന്ന് ദേശീയ ക്ഷീരദിനം.  ന്യൂഡൽഹിയിൽ പ്രത്യോക ക്ഷീരദിനാഘോഷ പരിപാടികൾ ഒരുക്കിയിട്ടുണ്ട്. പാലുൽപാദനത്തിൽ ഇന്ത്യയെ സ്വയംപര്യാപ്തതയിലേക്ക് കൈപിടിച്ചുയർത്തിയ ധവളവിപ്ലവത്തിന് നേതൃത്വം നൽകിയ വർഗീസ് കുര്യന്റെ ജന്മദിനമാണ് രാജ്യം ക്ഷീരദിനമായി ആചരിക്കുന്നത്. അദ്ദേഹത്തിന്റെ 103-ാം ജന്മദിനമാണ് ഇന്ന്. ദിനാചരണത്തിന്റെ ഭാഗമായി രാജ്യത്തുടനീളം വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

ക്ഷീരമേഖലയിലെ പരമോന്നത ദേശീയ പുരസ്കാരമായ ദേശീയ ഗോപാൽ രത്ന പുരസ്കാരങ്ങൾ കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ് സമ്മാനിക്കും. കർഷകർ, ക്ഷീര ഫെഡറേഷനുകൾ, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവയുടെ പ്രതിനിധികൾ പരിപാടിയിൽ പങ്കെടുക്കും.

✪✪✪

ലോകത്തിന് മാതൃകയാവുന്ന പുനരധിവാസ പ്രക്രിയയായിരിക്കും പ്രകൃതി ദുരന്തമുണ്ടായ വയനാട്ടിലെ ചുരൽമലയും മുണ്ടക്കൈയിലും നടപ്പാക്കുകയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഗവൺമെന്റ് മുമ്പ് പ്രഖ്യാപിച്ച അതേ തരത്തിൽ നടപടികൾ പൂർത്തീകരിക്കും.

നിർദ്ദിഷ്ട ടൗൺ ഷിപ്പിൽ ആവശ്യത്തിന് സൗകര്യങ്ങളോട് കൂടിയ വീടുകൾ നിർമ്മിക്കും. കേന്ദ്ര സഹായത്തിന് ഇനിയും ആവശ്യമുന്നയിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. കൂത്തുപറമ്പ് രക്തസാക്ഷി ദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു പിണറായി വിജയൻ.

മുനമ്പം വിഷയം യോജിപ്പോടെയും നിയമാനുസൃതമായും പരിഹരിക്കാനാണ് ഗവൺമെന്റിന്റെ വിശ്വാസം. ജനങ്ങൾക്ക് ബുദ്ധിമുട്ടാകാത്ത തരത്തിൽ പ്രശ്ന പരിഹാരം ഉണ്ടാക്കും. ചേലക്കരയിലെ വിജയം കൂടുതൽ ഉത്തരവാദിത്വമാണ് ഗവൺമെന്റിനെ ഏൽപ്പിച്ചിരിക്കുന്നതെന്നും പല മേഖലകളും സംസ്ഥാനത്ത് കൂടുതൽ വികസിച്ചുവരേണ്ടതായുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

തൃശ്ശൂർ നാട്ടികയിൽ തടിലോറി പാഞ്ഞു കയറി റോഡരികിൽ ഉറങ്ങിക്കിടക്കുകയായിരുന്ന അഞ്ച് പേർ മരിച്ചു. നാടോടിസംഘത്തിൽ ഉൾപ്പെട്ട രണ്ട് കുട്ടികളും മൂന്ന് മുതിർന്നവരുമാണ് മരിച്ചത്. കാളിയപ്പൻ, ജീവൻ, നാഗമ്മ, ബംഗാഴി എന്നിവരെ തിരിച്ചറിഞ്ഞിട്ടുണ്ട്. ഏഴ് പേർക്ക് പരിക്കേറ്റു, ഇവരെ തൃശൂർ മെഡിക്കൽ കോളേജിലേക്ക് മാറ്റി.

കണ്ണൂരിൽ നിന്ന് വന്ന തടി ലോറിയാണ് പുലർച്ചെ നാലരയോടെ അപകടം ഉണ്ടാക്കിയത്.

✪✪✪

കോട്ടയത്ത് നാട്ടകം ഇന്ത്യാപ്രസ്സ് വളപ്പിൽ നിർമ്മിച്ച അക്ഷരം മ്യൂസിയത്തിന്റെ ഒന്നാം ഘട്ടം ഉച്ചകഴിഞ്ഞ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ ലെറ്റർ ടൂറിസം സർക്യൂട്ട് പദ്ധതിയും അദ്ദേഹം പ്രഖ്യാപിക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് വിശദാംശങ്ങൾ

..........വോയ്സ്............

ഇന്ത്യയിലെ ആദ്യ ഭാഷ-സാഹിത്യ-സാംസ്കാരിക മ്യൂസിയമാണ് നാട്ടകത്തേത്. അന്തർദേശീയ നിലവാരത്തിൽ ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗിച്ച് 15,000 ചതുരശ്രയടിയിലാണ് മ്യൂസിയത്തിന്റെ ആദ്യഘട്ടം പൂർത്തീകരിച്ചത്. തീയേറ്റർ, ഹോളോഗ്രാം സംവിധാനങ്ങളും മ്യൂസിയത്തിലുണ്ട്. നാല് ഘട്ടങ്ങളിലായാണ് അക്ഷരം മ്യൂസിയത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നത്.

ഭാഷയുടെ ഉൽപത്തി മുതൽ മലയാളഭാഷയുടെ സമകാലികമുഖം വരെ അടയാളപ്പെടുത്തുന്ന വിവിധ ഗ്യാലറികൾ ഈ ഘട്ടത്തിൽ നിർമ്മിച്ചു. ഭാഷയുടെ ഉദ്ഭവവുമായി ബന്ധപ്പെട്ട വിഡീയോ പ്രൊജക്ഷൻ, വാമൊഴി പാരമ്പര്യം, ഗുഹാചിത്രങ്ങൾ, ചിത്രലിഖിതങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ഗ്യാലറികളിൽ ഒരുക്കിയിട്ടുണ്ട്.

സഹകരണവകുപ്പും സാഹിത്യപ്രവർത്തക സഹകരണസംഘവും സംയുക്തമായി ഏർപ്പെടുത്തിയ അഞ്ചാമത് അക്ഷരപുരസ്കാരം M. മുകുന്ദന് ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ സമർപ്പിക്കും. മന്ത്രി VN വാസവന്റെ അധ്യക്ഷതയിലാണ് യോഗം.

✪✪✪

രാസലഹരി വിപത്തിനെതിരേ ജാഗ്രത പുലർത്തണമെന്ന് മന്ത്രി MB. രാജേഷ് പറഞ്ഞു. ലഹരി മാഫിയയെ നേരിടാൻ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

എക്സൈസ് വിമുക്തി മിഷന്റെ 'ഉണർവ്' പദ്ധതിയുടെ ഭാഗമായി കോട്ടയം കങ്ങഴ മുസ്ലിം ഹയർ സെക്കൻഡറി സ്കൂളിൽ നിർമ്മിച്ച ബാഡ്മിന്റൺ കോർട്ടിന്റെ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ചടങ്ങിൽ സർക്കാർ ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് അദ്ധ്യക്ഷനായിരുന്നു.

✪✪✪

മലപ്പുറം റവന്യൂ ജില്ലാ കലോത്സവത്തിന് ഇന്ന് കോട്ടക്കലിൽ തിരി തെളിയും. 315 ഇനങ്ങളിലായി പതിനായിരത്തിലധികം വിദ്യാർത്ഥികൾ കലോത്സവത്തിൽ മത്സരിക്കും.

കോട്ടക്കൽ ഗവ. രാജാസ് ഹയർ സെക്കണ്ടറി സ്കൂളിലും കോട്ടൂർ AKM ഹയർ സെക്കൻഡറി സ്കൂളിലുമായി ഈ മാസം 30 വരെയാണ് കലോത്സവം. വൈകിട്ട് വൈകീട്ട് എം പി അബ്ദുസമദ് സമദാനി എം പി മേള ഉദ്ഘാടനം ചെയ്യും.

✪✪✪

കാസർകോഡ് റവന്യൂജില്ലാ സ്കൂൾ കലോത്സവം ഇന്ന് ഉദിന്നൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ആരംഭിക്കും. ശനിയാഴ്ച വരെ നീളുന്ന കലോത്സവത്തിൽ ഏഴ് ഉപജില്ലകളിൽ നിന്ന് 316 ജനങ്ങളിലായി ആറായിരത്തോളം വിദ്യാർത്ഥികൾ മത്സരിക്കും.

✪✪✪

ISL ഫുട്ബോളിൽ ഒഡീഷ FC യ്ക്ക് തകർപ്പൻ ജയം.  ഹൈദരബാദിലെ മത്സരത്തിൽ എതിരില്ലാത്ത ആറ് ഗോളുകൾക്കാണ് അവർ ഹൈദരാബാദിനെ പരാജയപ്പെടുത്തിയത്.ഇന്ന് മുംബൈ സിറ്റി FC  പഞ്ചാബിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് മുംബെയിലാണ് മത്സരം.

✪✪✪

IPL താര ലേലത്തിൽ 13 കാരനായ വൈഭവ് സൂര്യവൻഷി കരാർ നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ കളിക്കാരനായി. ഒരു കോടി 10 ലക്ഷം  രൂപയ്ക്കാണ് രാജസ്ഥാൻ റോയൽസ് വൈഭവിനെ സ്വന്തമാക്കിയത്. അന്താരാഷ്ട്ര ക്രിക്കറ്റിൽ  സെഞ്ച്വറി നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരമായി വൈഭവ് അടുത്തിടെ ശ്രദ്ധ നേടിയിരുന്നു.

✪✪✪

കോഴിക്കോട് സിറ്റി പോലീസിന്റെ ലഹരിവിരുദ്ധ പ്രതിരോധ ബോധവൽക്കരണ പരിപാടിയായ “No Never” മന്ത്രി. PA. മുഹമ്മദ് റിയാസ്  ബീച്ചിൽ ഉദ്ഘാടനം ചെയ്തു.

ലഹരിവിരുദ്ധ തുടർബോധവത്കരണ പരിപാടിയുടെ ഭാഗമായി നവ സാമൂഹ്യ മാധ്യമങ്ങളിലൂടെ ലഹരി വിരുദ്ധ ആശയങ്ങളും ഫ്ലാഷ് മോബ്, നാടകം, മ്യൂസിക് ആൽബം എന്നിവ തയ്യാറാക്കി പൊതുസമൂഹത്തിൽ പ്രചരിപ്പിക്കുമെന്ന് ചടങ്ങിൽ സിറ്റി പൊലീസ് കമ്മീഷണർ  പറഞ്ഞു.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ 29-ാമത് കേരള രാജ്യാന്തര ചലചിത്ര മേളയോടനുബന്ധിച്ച് ടൂറിംഗ് ടാക്കീസ് വിളംബര ജാഥ നാളെ കാസർകോട് കയ്യൂരിൽ നിന്ന് ആരംഭിക്കും. കയ്യൂർ ഗവ. വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ കാസർകോഡ് ജില്ലയിലെ സിനിമാ പ്രവർത്തകരായ PP കുഞ്ഞികൃഷ്ണൻ, C ഷുക്കൂർ, ഉണ്ണിരാജ് ചെറുവത്തൂർ, രാജേഷ് അഴീക്കോടൻ, ചിത്ര നായർ, രജീഷ് പൊതാവൂർ, അമീർ പള്ളിക്കൽ തുടങ്ങിയവരെ ആദരിക്കും.

✪✪✪

മലയാള ചലച്ചിത്രം ‘മഞ്ഞുമ്മൽ ബോയ്സ്”  55ാമത് ഗോവ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിലെ പനോരമ വിഭാഗത്തിൽ  പ്രദർശിപ്പിച്ചു. OTT പ്ലാറ്റ്ഫോമുകളുടെ വളർച്ച  മഞ്ഞുമ്മൽ ബോയ്സ് പോലെ കഥകൾക്ക് സിനിമയിൽ അവസരമൊരുക്കിയെന്ന് സംവിധായകൻ ചിദംബരം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪